**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 961** **07-12-2022 - ൽ മറുപടിയ്ക്ക്**

**പെരുമ്പാവൂർ നിയോജകമണ്ഡലത്തിലെ സംരംഭകത്വ വികസന പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിന് സംരംഭകത്വ വികസന പദ്ധതികൾ പെരുമ്പാവൂർ നിയോജകമണ്ഡലത്തിൽ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ? | (എ) | പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിന് സംരംഭകത്വ വികസന പദ്ധതികൾ നിയോജകമണ്ഡലാടിസ്ഥാനത്തിലല്ല നടപ്പിലാക്കി വരുന്നത്. സംസ്ഥാനത്തെ മുഴുവൻ പട്ടികജാതി വിഭാഗങ്ങളുടെയും സംരംഭകത്വ വികസനം ലക്ഷ്യമിട്ട് പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ ചുവടെ ചേർക്കുന്നു.<br><br>**പട്ടികജാതി വികസന വകുപ്പ്**<br><br>സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്ന പട്ടികജാതി വിഭാഗങ്ങൾക്ക് 1 ലക്ഷം രൂപ വരെയും (1/3 സബ്സിഡി) സ്വയം സഹായ സംഘങ്ങൾക്ക് 10 ലക്ഷം രൂപ വരെയും (പ്രോജക്ട് കോസ്റ്റിന്റെ 75% സബ്സിഡി) അനുവദിക്കുന്ന പദ്ധതി, പട്ടികജാതി വിഭാഗത്തിൽപ്പെട്ട യുവ സംരംഭകർക്ക് സംരംഭകത്വ പരിശീലനം നൽകി സ്റ്റാർട്ടപ്പ് ഇൻകുബേഷൻ, മെന്റർഷിപ്പ്, സപ്പോർട്ട് എന്നീ സേവനങ്ങൾ ലഭ്യമാക്കി Scalable Business ഉള്ള സംരംഭങ്ങളായി മാറ്റിയെടുക്കുന്നതിന് ഉതകുന്ന പദ്ധതിയായ സ്റ്റാർട്ടപ്പ് ഡ്രീംസ് തുടങ്ങിയ പദ്ധതികൾ സംരംഭകത്വ വികസനം ലക്ഷ്യമിട്ട് വകുപ്പ് നടപ്പിലാക്കി വരുന്നുണ്ട്.<br><br>**പട്ടികവർഗ്ഗ വികസന വകുപ്പ്**<br><br>സംസ്ഥാനത്തെ പട്ടികവർഗ്ഗ ക്കാർക്കിടയിലെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിനായും ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനായും സംസ്ഥാനമൊട്ടാകെ സംരംഭകത്വ വികസന പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കാൻ വകുപ്പ് തീരുമാനിച്ചിട്ടുണ്ട്. പ്രൊപ്പോസൽ അനുസരിച്ച് ബന്ധപ്പെട്ട ട്രൈബൽ ഡെവലപ്പ്മെന്റ് ആഫീസർ/ പ്രോജക്ട് ഓഫീസറുടെയും ജില്ലാ വ്യാവസായ |

| | | | |
|---|---|---|---|
| | | | വാണിജ്യ വകുപ്പ് ഉദ്യോഗസ്ഥരുടെയും ശുപാർശയിന്മേൽ പ്രോജക്ടുകൾ അനുവദിച്ചു വരുന്നു.<br><br>**<u>എംപവർമെന്റ് സൊസൈറ്റി</u>**<br><br>പട്ടികജാതി പട്ടികവർഗ്ഗ വിഭാഗ യുവതീ യുവാക്കളെ ഒരേ സമയം തൊഴിൽ സംരംഭകരായും തൊഴിൽ ദാതാക്കളായും മാറ്റുന്നതിന് വേണ്ടി എംപവർമെന്റ് സൊസൈറ്റികൾ രൂപീകരിക്കുന്നതിന്റെ നടപടികൾ അന്തിമഘട്ടത്തിലാണ്. |

സെക്ഷൻ ഓഫീസർ